(ബി) ഒരു പ്രത്യേക ഐറ്റം മാത്രമെടുത്ത് റെയിൽവേ റേറ്റും ഡിപ്പാർട്ടുമെന്റേറ്റും തമ്മിൽ താരതമ്യപ്പെടുത്തുന്നത് ശരിയല്ല. ഒരു പ്രത്യേക ഐറ്റം നോക്കിയല്ല പല ഘടകങ്ങളും കണക്കിലെടുത്താണ് കരാറുകാർ റേറ്റ് കോട്ട് ചെയ്യുന്നത്.

(സി) ഇല്ല. വെള്ളത്തിലും കരയിലും നടത്തുന്ന വിവിധ പൈലിംഗ് പണികൾക്ക് മണ്ണിന്റെ സ്വഭാവമനുസരിച്ച് വിവിധ റേറ്റുകൾ നൽകേണ്ടി വരാറുണ്ട്.

122 (1341) ഇരുമ്പനം-കളമശ്ശേരി റോഡ്

<u>ശ്രീ. കെ. മുഹമ്മദാലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുമ്പനം-കളമശ്ശേരി റോഡ് നെടുമ്പാശ്ശേരി വിമാനത്താവളം വഴി അങ്കമാലിയിലേയ്ക്ക് നീട്ടുന്നതു സംബന്ധിച്ച നടപടിയുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ വർക്കിനു ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) ഈ റോഡിന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) നെടുമ്പാശ്ശേരി വിമാനത്താവളത്തിലേയ്ക്കുള്ള യാത്രാക്ലേശം കണക്കിലെടുത്ത് ഈ റോഡിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കളമശ്ശേരി മുതൽ ആലുവാവരെയുള്ള ഭാഗത്തിന്റെ അലൈൻമെന്റ് അംഗീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ആലുവായിൽ നിന്നും നെടുമ്പാശ്ശേരി വരെയുള്ള ഭാഗത്തിന്റെ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയായി. ആലുവ അശോകപുരം മുതൽ മഹിളാലയം ജംഗ്ഷൻവരെയുള്ള അലൈൻമെന്റ് തയ്യാറാക്കി പരിശോധനയിലാണ്. ബാക്കി ഭാഗത്തെ അലൈൻമെന്റ് തയ്യാറാക്കേണ്ടതുണ്ട്.

(ബി) കളമശ്ശേരി മുതൽ മഹിളാലയം വരെയുള്ള ഭാഗത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി)&(ഡി) സ്ഥലമെടുപ്പ് നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റവും വേഗം ആരംഭിക്കുന്നതാണ്.

123 (1342) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുക

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്തു വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി എന്തു തുകയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly